ശ്രീമതി ജയമേരിക്ക് കോമ്പൻസേഷൻ നൽകുന്ന നടപടി

123 [2997] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് വാച്ചർ ആയി ജോലി ചെയ്തിരുന്ന ശ്രീ. ചാൾസിന്റെ ഭാര്യ മൂന്നാർ കെ.ഡി.എം. വില്ലേജിലെ ശ്രീമതി ജയമേരിക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ലഭിക്കുന്നതിന് കോടതി വിധി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത്;

(സി) ഡിപ്പാർട്ടുമെന്റ് കോമ്പൻസേഷൻ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഇ) വിധിപ്രകാരമുള്ള തുക നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(എഫ്) തുക നൽകിയിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-7-2004-ൽ.

(സി ആന്റ് ഡി) ലേബർക്കോടതിയുടെ ഉത്തരവ് അനുസരിച്ച് വിധി പ്രകാരമുള്ള തുക കോടതിയിൽ കെട്ടിവയ്ക്കുന്നതിന് 31-5-2004-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 225/04 വനം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)-യുടെ 3-7-2004-ലെ എസ്.എ2. 1250/04 ഓർഡർ പ്രകാരം പ്രസ്തുത തുക ഡെപ്യൂട്ടി ലേബർ കമ്മീഷണർ കോട്ടയത്തിന്റെ കോടതിയിൽ കെട്ടിവയ്ക്കുന്നതിന് എറണാകുളം സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) 31-5-2004-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 225/04/വനം-ന്റെയും 3-7-2004-ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)-യുടെ ഓർഡർ നമ്പർ എസ്.എ2. 1250/04-ന്റെയും പകർപ്പുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട് †.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly